# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്തൊന്ന്

## കടുഞ്ചുവപ്പുള്ളോരു മൃഗത്തിന്മേൽ ഇരിക്കുന്ന മഹാവേശ്യ

## (1)

Sat ഈ ദൂതിൽ നാം വെളിപ്പാട് പതിനേഴാം അധ്യായത്തിലേക്ക് വരുന്നു. അവിടെ കടുഞ്ചുവപ്പുള്ള മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നു (വാ. 3). ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നതിന്റെ ഒരു വ്യക്തമായ ഗ്രാഹ്യം നമുക്കെല്ലാവർക്കും ഉണ്ടായിരിക്കേണ്ടത് വളരെ പ്രധാനമാണ്.

ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ അപ്പൊസ്തലനായ യോഹന്നാനോടു പറഞ്ഞു, "വരിക, പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന മഹാവേശ്യയുടെ ന്യായവിധി ഞാൻ നിനക്കു കാണിച്ചുതരാം" (17:1). വാക്യം 3-ൽ അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു, "അവൻ എന്നെ ആത്മാവിൽ മരുഭൂമിയിലേക്ക് എടുത്തുകൊണ്ടു പോയി; ഏഴു തലയും പത്തു കൊമ്പുമുള്ള, ദൂഷണനാമങ്ങൾ നിറഞ്ഞ, കടുംചുവപ്പുള്ള മൃഗത്തിന്മേൽ ഒരു സ്ത്രീ ഇരിക്കുന്നത് ഞാൻ കണ്ടു." ഒന്നാം വാക്യം മഹാവേശ്യയെക്കുറിച്ചു സംസാരിക്കുകയും മൂന്നാം വാക്യം ഒരു സ്ത്രീയെക്കുറിച്ചു സംസാരിക്കുകയും ചെയ്യുന്നു. വേശ്യ കടുഞ്ചുവപ്പുള്ള മൃഗത്തിന്മേൽ സവാരിചെയ്യുമ്പോൾ ഈ സ്ത്രീക്ക് ശക്തിയും അധികാരവും ഉണ്ട്. പതിമൂന്നാം അധ്യായത്തിൽ വിവരിച്ചിരിക്കുന്നതുപോലെ, ഈ മൃഗത്തിന് ഏഴു തലയും പത്തു കൊമ്പും ഉണ്ട്. ഇവിടെ പറയുന്ന മൃഗം റോമാസാമ്രാജ്യത്തെയും നവീകരിക്കപ്പെട്ട റോമാസാമ്രാജ്യത്തിന്റെ അവസാനത്തെ കൈസറായ എതിർക്രിസ്തുവിനെയും പരാമർശിക്കുന്നുവെന്ന് എല്ലാ വേദപുസ്തകപഠിതാക്കളും സമ്മതിക്കുന്നു. എങ്കിലും, വേശ്യയായ സ്ത്രീ ആരാണെന്നതിനെ സംബന്ധിച്ച തർക്കം നിലനിന്നിരുന്നു.

## I. മഹാവേശ്യ

പെരുവെള്ളത്തിന്മീതെ ഇരിക്കുന്ന ഈ മഹാവേശ്യ

ആരാണ്? ഈ ചോദ്യത്തിന് ഉത്തരം നല്കുന്നതിനുമുമ്പ് സ്ത്രീയെപ്പറ്റി ഒരു വാക്കു പറയേണ്ട ആവശ്യമുണ്ട്. വാക്യം 18 പ്രകാരം സ്ത്രീ മൃഗത്തിന്റെ ഏഴു തലകളാൽ സൂചിപ്പിക്കപ്പെടുന്ന ഏഴു മലകളിന്മേൽ പണിതിരിക്കുന്ന റോമാനഗരം എന്ന മഹാനഗരമാണ് (വാ. 9). സ്ത്രീ റോമയാണെങ്കിലും, മൃഗം ഒടുവിൽ വേശ്യയെ വെറുക്കുകയും, അവളെ ശൂന്യയാക്കുകയും, തീകൊണ്ടു ദഹിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് (വാ. 16), വേശ്യ റോമയായിരിക്കുവാൻ കഴിയുകയില്ല. റോമാസാമ്രാജ്യത്തിന്റെ അവസാനത്തെ കൈസറായ എതിർക്രിസ്തു തീർച്ചയായും തന്റെ സ്വന്തം തലസ്ഥാനത്തെ ദഹിപ്പിച്ചുകളയുകയില്ല. അതുകൊണ്ട്, മൃഗത്താൽ ദഹിപ്പിക്കപ്പെടുന്നത് റോമാനഗരമായിരിക്കുകയില്ല, മറ്റെന്തെങ്കിലും ആയിരിക്കും. ഇനി നാം ചോദിക്കേണ്ടത്: വേദപുസ്തകമനുസരിച്ചും, ലോകചരിത്രമനുസരിച്ചും റോമാസാമ്രാജ്യത്തിന്മേൽ സവാരിചെയ്തുകൊണ്ടിരിക്കുന്ന സ്ത്രീ ആരാണ്? റോമാഭരണകൂടത്തോട് ഇത്രയും അഗാധമായി ബന്ധപ്പെട്ടിരിക്കുന്നവൾ ആരാണ്? രണ്ടും ഏറെക്കുറെ സമാനമായിരിക്കത്തക്കവണ്ണം വേശ്യ റോമാനഗരത്തോട് വളരെ അടുത്തു ബന്ധപ്പെട്ടിരിക്കുന്നു. വാക്യം 1-ൽ ദൂതൻ അവളെ വേശ്യ എന്നു വിളിക്കുകയും, വാക്യം 18-ൽ അവൻ അവളെ ഒരു സ്ത്രീ എന്നു വിളിക്കുകയും ചെയ്തു. വേശ്യ വിശ്വാസത്യാഗിനിയായ റോമൻ കത്തോലിക്കാ സഭയാണ്. ഒരു പ്രതിരൂപം, ഒരു വ്യക്തിത്വം മാത്രമേ ഈ അധ്യായത്തിലെ സ്ത്രീയുടെ വിവരണത്തോടു യോജിക്കുന്നുള്ളൂവെന്ന് ചരിത്രം വെളിപ്പെടുത്തുന്നു. ആ പ്രതിരൂപം റോമൻ കത്തോലിക്കാ സഭയാണ്. ഒരു വേശ്യക്ക് ഭർത്താവില്ല. വിശ്വാസത്യാഗിനിയായ റോമൻ കത്തോലിക്കാസഭയുമായി യാതൊരു ബന്ധവും ഉള്ളതായി ദൈവം അംഗീകരിച്ചിട്ടില്ല എന്ന് ഇതു സൂചിപ്പിക്കുന്നു.

ഈ ജീവ-പഠനത്തിന്റെ പതിമൂന്നാമത്തെ ദൂതിൽ ഈ അധ്യായത്തെ അടിസ്ഥാനമാക്കി റോമൻ കത്തോലിക്കാസഭയെ സംബന്ധിച്ച ശക്തമായ ഒരു വാക്ക് ഞാൻ നല്കിയിരുന്നു. തിരുവെഴുത്തുകളനുസരിച്ച്, ഈ അധ്യായത്തിലെ മഹാവേശ്യ റോമൻ കത്തോലിക്കാസഭയാണ്. വെളിപ്പാട് 17-ലെ സ്ത്രീ റോമൻ കത്തോലിക്കാസഭയല്ലെങ്കിൽ, പിന്നെ അവൾ ആരാണ്? തീർച്ചയായും, ചരിത്രമനുസരിച്ച്, റോമൻ കത്തോലിക്കാസഭ മാത്രമേ ഇവിടെ പറഞ്ഞിരിക്കുന്ന സ്ത്രീയുടെ വിവരണത്തോട് യോജിക്കുന്നുള്ളൂ.

പതിനെട്ടു വർഷങ്ങൾക്കുമുമ്പ് വത്തിക്കാൻ കാണണമെന്ന ഏക ഉദ്ദേശ്യത്തോടുകൂടെ ഞാൻ ചില ദിവസങ്ങൾ റോമിൽ ചിലവഴിച്ചു. ആ വിശ്വാസത്യാഗിനിയുടെ പൂർണ്ണ വീക്ഷണം ഉണ്ടായിരിക്കുതിനായി ഞാൻ എട്ടു യാത്രകൾ നടത്തി. ഞാൻ എത്രയധികം കണ്ടുവോ, അത്രയുമധികം റോമൻ കത്തോലിക്കാസഭ വെളിപ്പാട് 17-ലെ മഹാവേശ്യയാണെന്ന്

എനിക്ക് പൂർണ്ണബോദ്ധ്യമുണ്ടായി: ഞാൻ അതിനെക്കുറിച്ച് വർഷങ്ങൾക്കുമുമ്പേ പഠിച്ചിട്ടുണ്ടായിരുന്നു. വെളിപ്പാട് 17:4 പറയുന്നു, "ആ സ്ത്രീ ധൂമ്രവർണവും കടുംചുവപ്പു നിറമുള്ള വസ്ത്രം ധരിച്ചിരിക്കുന്നു." ചുവപ്പുനിറം കത്തോലിക്കാമതത്തിൽ വളരെയധികം ഉണ്ട്. ഉദാഹരണത്തിന്, കർദിനാൾമാർ ചുവന്ന അങ്കികൾ ധരിച്ചിരിക്കുന്നു. റോമാസഭ മഹാവേശ്യയാണെന്ന് അനേകം കത്തോലിക്കർ കേൾക്കുമ്പോൾ, അവർക്ക് നീരസമുണ്ടാകുകയും അത് വിശ്വസിക്കുവാൻ കഴിയാതെ വരുകയും ചെയ്യുന്നു. "കത്തോലിക്കാസഭ മഹാവേശ്യയാണെന്ന് നിങ്ങൾക്ക് എങ്ങനെ പറയുവാൻ കഴിയും? ഞങ്ങൾ ദൈവത്തെ ആരാധിക്കുകയും യേശുവിൽ വിശ്വസിക്കുകയും ചെയ്യുന്നില്ലേ? ഞങ്ങൾക്കും തിരുവെഴുത്തുകളില്ലേ?" എന്ന് ചിലർ പറഞ്ഞേക്കാം. ഉത്തരം ഈ അധ്യായത്തിലെ നാലാം വാക്യത്തിലുണ്ട്.

ഈ സ്ത്രീ അവളുടെ കയ്യിൽ "മ്ലേച്ഛതയും തന്റെ പരസംഗത്തിന്റെ അശുദ്ധിയും നിറഞ്ഞ സ്വർണപാനപാത്രം" പിടിച്ചിരിക്കുന്നു എന്ന് നാലാം വാക്യം പറയുന്നത് ശ്രദ്ധിക്കുക. മുൻകുറിശാസ്ത്രത്തിൽ സ്വർണം ദിവ്യപ്രകൃതത്തെ സൂചിപ്പിക്കുന്നു. ഈ സ്ത്രീ മഹാവേശ്യയെന്നു വിളിക്കപ്പെടുന്നുവെങ്കിലും, ദൈവപ്രകൃതത്തെ സൂചിപ്പിക്കുന്ന സ്വർണപാനപാത്രം അവൾ പിടിച്ചിരിക്കുന്നു. എന്നാൽ ഈ സ്വർണം പാനപാത്രത്തിന്റെ പുറമെയുള്ള ദൃഷ്ടഭാവം മാത്രമാണ്, അതിന്റെ ഉള്ളടക്കമല്ല. പുറമെ അതു ദിവ്യമാണെന്നു തോന്നുമെങ്കിലും, അകമെ അത് മ്ലേച്ഛതയും അശുദ്ധിയുംകൊണ്ട് നിറഞ്ഞിരിക്കുന്നു. വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭയ്ക്ക് ചില വിശുദ്ധകാര്യങ്ങൾ ഉണ്ടെങ്കിലും, അവയിലേക്ക് അത് മലിനകാര്യങ്ങൾ ചേർക്കുന്നു. ഉദാഹരണത്തിന്, മറിയയെ ആരാധിക്കുന്നതു നോക്കുക. റോമൻ കത്തോലിക്കാസഭയിലെ മറിയ യഥാർഥത്തിൽ വീനസ് ദേവതയാണ്. കത്തോലിക്കാമതം അന്യമതത്തിൽനിന്ന് വീനസ് എന്ന പൈശാചിക ഐതിഹ്യത്തെ ഉൾക്കൊണ്ടു. ബുദ്ധൻപോലും വിശുദ്ധനായ ജോസഫാത്തിന്റെ പേരിൽ കത്തോലിക്കാമതത്തിലേക്കു പ്രവേശിച്ചിട്ടുണ്ടെന്ന് *"The Great Prophecies"* എന്ന തന്റെ പുസ്തകത്തിൽ G.H. പെംബെർ ചൂണ്ടിക്കാണിക്കുന്നു. കത്തോലിക്കാ കലണ്ടറിൽ ജോസഫാത്ത് എന്ന പേരിൽ ഒരു വിശുദ്ധനുണ്ട്, അവന്റെ ചരിത്രം വാസ്തവത്തിൽ ബുദ്ധന്റേതാണ്. ബാബിലോണ്യമതം ബുദ്ധമതത്തിലേക്കു പ്രവേശിക്കുകയും, ബാബിലോണ്യ മതത്തിന്റെ വിപുലീകരണമായ ബുദ്ധമതം കത്തോലിക്കാമതത്തിലേക്കു സ്വാംശീകരിക്കപ്പെടുകയും ചെയ്തു. ഇനി നമുക്ക് പെംബെറിന്റെ *The Great Prophecies* (p. 104) എന്ന പുസ്തകത്തിലെ പ്രസക്തഭാഗം മുഴുവൻ വായിക്കാം.

> "ബേൽശസ്സറിന്റെ മരണത്തിനുശേഷം ഒരു നൂറ്റാണ്ടാകുന്നതിനുമുമ്പ് ബുദ്ധമതം എന്ന ഒരു പുതിയ വിശ്വാസം ഇന്ത്യയിൽ പ്രചരിക്കുകയായിരുന്നു: അതു പക്ഷെ, ബാബിലോണ്യമതത്തിൽ ചെറുതായി മാറ്റംവരുത്തിയ മതമായിരുന്നു. വാസ്തവത്തിൽ ബുദ്ധൻതന്നെ വിശുദ്ധനായ ജോസഫാത്തിന്റെ പേരിൽ റോമൻ കത്തോലിക്കാ കലണ്ടറിൽ ഒരു വിശുദ്ധനാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭ ഭാഗത്തിലെ ഒരു ദൈവശാസ്ത്രപണ്ഡിതനായ ദമസ്കോസിലെ ജോണിന്റെ പ്രവർത്തനത്തിൽ ആദ്യമായി കാണപ്പെടുകയും മദ്ധ്യകാലഘട്ടത്തിൽ അങ്ങേയറ്റം പ്രശസ്തരായിത്തീരുകയും ചെയ്ത ജോസഫാത്തിന്റെയും ബർലാമിന്റെയും ചരിത്രം ഇപ്പോൾ തീർച്ചയായും ബുദ്ധന്റേതിനോട് ഏകീഭവിച്ചിരിക്കുന്നു."

അങ്ങനെ, ബുദ്ധന്റെ ചരിത്രം കത്തോലിക്കാമതത്തിലേക്ക് എടുക്കപ്പെട്ടിരുന്നു. ഇത് റോമൻ കത്തോലിക്കാ സഭയിലേക്ക് അന്യമതത്തിൽനിന്നുള്ളത് സ്വാംശീകരിക്കപ്പെട്ടതിന്റെ ഒരു ഉദാഹരണമാണ്.

മറ്റൊരു ഉദാഹരണം ക്രിസ്തുമസ്സാണ്. ക്രിസ്തുമസ് ക്രിസ്തുവിനെതിരെ ഒരു ദൂഷണമാണ്; നിർമല മനഃസാക്ഷിയുള്ള ഏതൊരു ക്രിസ്ത്യാനിക്കും അതുമായി യാതൊരു കാര്യവുമുണ്ടായിരിക്കരുത്. *രണ്ടു ബാബിലോണുകൾ* എന്ന പുസ്തകം തെളിയിക്കുന്നതുപോലെ, ക്രിസ്തുമസ് പാശ്ചാത്യ ജാതീയ ആചാരത്തിൽനിന്നു വന്നതാണ്. ക്രിസ്തീയ യുഗത്തിന് നൂറ്റാണ്ടുകൾക്കുമുമ്പേ, ഡിസംബർ 25 സൂര്യന്റെ ജന്മദിനമായി പാശ്ചാത്യ അന്യമതക്കാർ ആഘോഷിച്ചിരുന്നു. കോൺസ്റ്റന്റൈൻ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അവൻ റോമാപൗരന്മാരെ ക്രിസ്ത്യാനികളായിത്തീരുവാൻ ഉത്സാഹിപ്പിക്കുകയും സ്നാനപ്പെടുന്നതിനായി അനേകായിരങ്ങൾക്ക് പ്രതിഫലം നല്കുകയും ചെയ്തു. ക്രിസ്തുവിനെക്കുറിച്ച് യാതൊന്നും അറിയാത്ത ആയിരക്കണക്കിനാളുകൾ സ്നാനപ്പെട്ട് ക്രിസ്തുമതത്തിലേക്കു വരുകയും, അവരോടൊപ്പം തങ്ങളുടെ ജാതീയ ആചാരങ്ങൾ കൊണ്ടുവരുകയും ചെയ്തു. പിന്നീട്, ഡിസംബർ 25-ന് ആഘോഷിച്ചുകൊണ്ടിരുന്ന സൂര്യദേവന്റെ ജന്മദിനത്തോട് ക്രിസ്തുവിന്റെ നാമത്തെ ചേർത്തു. തത്ത്വത്തിൽ, ഈസ്റ്ററിന്റെ ആഘോഷവും ഇതുപോലെ തന്നെയാണ്. ഓറഞ്ച് കൗണ്ടിയിലുള്ള ചില ക്രിസ്ത്യാനികൾ നമ്മെ വചനവിരുദ്ധരെന്ന് വിധിക്കുന്നുവെങ്കിലും, അവർ ക്രിസ്തുമസ് എന്ന ജാതീയ ഉത്സവം ഇപ്പോഴും അനുഷ്ഠിക്കുന്നു. തീർച്ചയായും, മഹോപദ്രവത്തിന്റെ മൂന്നര വർഷക്കാലം സകല ക്രിസ്ത്യാനികളും

ക്രിസ്റ്റുമസും, ഈസ്റ്ററും, മറിയയെ ആരാധിക്കുന്നതും, സകല അന്യമത കാര്യങ്ങളും ഉപേക്ഷിക്കും.

നാല്പത്തെട്ടാമത്തെ ദൂതിൽ ഐക്യനാടുകൾ കഴുകന്റെ രാഷ്ട്രമാണെന്നുള്ള എന്റെ വിശ്വാസത്തെയും, വരുംവർഷങ്ങളിൽ സ്ഥലംസഭകൾ ക്രിസ്ത്യാനികളുടെ ഇടയിൽ അനുലോമപരമായ ഒരു സ്വാധീനം ചെലുത്തുമെന്നും ഞാൻ നിങ്ങളുമായി പങ്കുവച്ചിരുന്നു. കർത്താവിന്റെ പ്രത്യുദ്ധാരം ലോകമെമ്പാടുമുള്ള പ്രധാന പട്ടണങ്ങളിലേക്ക് ഇനിയും അധികമായി വ്യാപിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾത്തന്നെ യൂറോപ്പിൽ ചില സഭകളും, ബ്രസീലിൽ കുറഞ്ഞത് പതിനേഴു സഭകളും ഉണ്ട്. അതിലുപരി, ഘാനയിലും, നൈജീരിയയിലും, ഓസ്ട്രേലിയയിലും, ന്യൂസിലാൻഡിലും, തായ്‌വാൻ, ഹോങ്കോങ്ങ്, ഇൻഡോനേഷ്യ, മലേഷ്യ, സിംഗപ്പൂർ, തായ്‌ലാൻഡ്, കൊറിയ, ജപ്പാൻ, ഫിലിപ്പൈൻസ് തുടങ്ങിയ കിഴക്കൻ രാജ്യങ്ങളിലും സഭകളുണ്ട്. കർത്താവിന്റെ പ്രത്യുദ്ധാരം വ്യാപിച്ചുകൊണ്ടിരിക്കുന്നു. അനേകം പ്രധാന പട്ടണങ്ങളിൽ സ്ഥലംസഭ വിശ്വാസികൾക്കും അവിശ്വാസികൾക്കും ഒരു സാക്ഷ്യമായി നിലകൊള്ളുന്നു. നാം കാഹളം ഊതി ക്രിസ്തുവിനെയും അവന്റെ ശരീരത്തെയുംകുറിച്ച് സാക്ഷ്യപ്പെടുത്തണം. ഇന്ന്, ചിലർ നമ്മോടു തർക്കിക്കുകയും, നമ്മോടു പൊരുതുകയും, നമ്മെ എതിർക്കുകയും ചെയ്യുന്നു. എന്നാൽ എല്ലാ വായും അടയുന്ന ഒരു ദിവസം വരുന്നു, കാരണം നാം ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്ന സകലതും നിവർത്തിയാകും. ജയാളികൾ എടുക്കപ്പെടുകയും, എതിർക്രിസ്തു വെളിവാകുകയും ചെയ്യും. കൂടാതെ, റോമൻ കത്തോലിക്കാസഭ പൂർണമായി വെന്തെരിയുകയും നശിപ്പിക്കപ്പെടുകയും ചെയ്യും. എതിർക്രിസ്തുവും പത്തു കൊമ്പുകളും വത്തിക്കാനെ നശിപ്പിക്കുമ്പോൾ, ഐക്യനാടുകളിലെ ജനം അപ്പോഴും കത്തോലിക്കാസഭയിൽ സംബന്ധിക്കുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? തീർച്ചയായും ഇല്ല! ആ സമയമാകുമ്പോഴേക്കും കത്തോലിക്കാ മതത്തിലുള്ള നിരവധി നിർവ്യാജരായ ക്രിസ്ത്യാനികൾ കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ മാർഗത്തിലേക്ക് തിരിയും.

LD ജീവിച്ചിരിക്കുന്ന ആദ്യഫലത്തെ ഉളവാക്കുവാൻ കർത്താവ് തന്റെ പ്രത്യുദ്ധാരത്തെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നുവെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു. ഇതാണ് കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ ഒന്നാമത്തെ പ്രവർത്തനം. ആദ്യഫലത്തിന്റെ ഉൾപ്രാപണത്തിനുശേഷം, ശേഷിക്കുന്ന ക്രിസ്ത്യാനികളെ സഹായിക്കുവാൻ സ്ഥലംസഭകൾ കർത്താവിനാൽ ഉപയോഗിക്കപ്പെടും. ഇതായിരിക്കും പ്രത്യുദ്ധാരത്തിന്റെ രണ്ടാമത്തെ പ്രവർത്തനം. മഹോപദ്രവത്തിന്റെ സമയം ക്രിസ്ത്യാനികൾക്ക് പോകുവാൻ ശരിയായ ഒരു സ്ഥലം ഉണ്ടായിരിക്കും. ക്രിസ്തുമതത്തിന്റെ

ക്രിസ്തുമസും, ഈസ്റ്ററും, സകല പരമ്പരാഗത കാര്യങ്ങളും നിരാകരിക്കപ്പെടും. യാതൊരു വാദപ്രതിവാദങ്ങളും ഇല്ലാതിരിക്കുകയും, മഹാവേശ്യയുടെ പുത്രിമാരുടെ ഭിന്നതയുണ്ടാക്കുന്ന സകല നാമങ്ങളും ഉപേക്ഷിക്കപ്പെടുകയും, കർത്താവ് സഭ എന്ന അവന്റെ മാർഗ്ഗത്തെ പൂർണ്ണമായി സമർഥിക്കുകയും ചെയ്യും.

റോമൻ കത്തോലിലക്കാസഭയിൽ യഥാർഥമായ ചിലത് ഉണ്ടെന്ന കാര്യം ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. അവൾ തന്റെ കയ്യിൽ ഒരു സ്വർണപാനപാത്രം പിടിച്ചിരിക്കുകയും, അതിനെ പുതിയ യെരൂശലേം പണിതിരിക്കുന്ന അതേ വസ്തുക്കളായ സ്വർണം, വിലയേറിയ കല്ല്, മുത്ത് എന്നിവകൊണ്ട് പൂശിയിരിക്കുകയും ചെയ്യുന്നു (വാ. 4). മഹാവേശ്യയുടെയും പുതിയ യെരൂശലേമിന്റെയും പുറമെയുള്ള ദൃഷ്ടഭാവം ഒരുപോലെയാണ്. എന്നാൽ അകമെ വളരെ വ്യത്യാസമുണ്ട്; വേശ്യ മ്ലേച്ഛതയും, അശുദ്ധിയും, ആത്മികപരസംഗവുംകൊണ്ട് നിറഞ്ഞിരിക്കുന്നു. ഇതാണ് യഥാർഥ അവസ്ഥ; ഇതു ഗ്രഹിക്കുവാൻ നമുക്ക് ഉൾക്കാഴ്ച ആവശ്യമാണ്. ഞാൻ ഈ കാര്യങ്ങൾ പറയുന്നത് ഒരു ചെറിയ വിഷയമല്ല. ഒരു വ്യക്തമായ വീക്ഷണം ഉണ്ടായിരിക്കേണ്ടത് നമുക്കെല്ലാവർക്കും എത്രമാത്രം ആവശ്യമായിരിക്കുന്നു!

ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ എത്രയധികം കർത്താവിനോടുകൂടെയായിരിക്കുന്നുവോ, അത്രയുമധികം ശരിയായ സഭാജീവിതത്തോടുകൂടെയുള്ള കർത്താവിന്റെ പ്രത്യുദ്ധാരം ലോകമാകമാനം പടരേണ്ടതിന് കാഹളം ഊതുവാൻ ഞാൻ ഭാരമുള്ളവനായിത്തീർന്നിരിക്കുന്നു. ഇവിടെയും അവിടെയും, എല്ലാ പ്രധാന പട്ടണങ്ങളിലും ഇരുണ്ട രാത്രിയിൽ പ്രകാശിക്കുന്ന ഒരു നിലവിളക്ക് ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. ഇന്നല്ലെങ്കിൽ, കുറഞ്ഞപക്ഷം മഹോപദ്രവത്തിന്റെ വർഷങ്ങളിൽ, നിർമല ഹൃദയത്തോടെ കർത്താവിനെ സ്നേഹിക്കുകയും ആത്മാർഥമായി അവനെ അന്വേഷിക്കുകയും ചെയ്യുന്നവർ ഈ വെളിച്ചം കാണും. ആ സമയമാകുമ്പോഴേക്കും എല്ലാ പ്രധാന പട്ടണങ്ങളിലും നിലവിളക്ക് ശോഭയോടെ പ്രകാശിക്കുന്നുണ്ടാകും. ആദ്യഫലത്തിന്റെ ഉൾപ്രാപണം ഇന്നത്തെക്കാൾ കൂടുതൽ ശോഭയോടെ പ്രകാശിക്കുവാൻ സ്ഥലംസഭകളെ ഇടയാക്കും. അനഹേമിലുള്ള അമ്പത്തഞ്ചു സഹോദരീ സഹോദരന്മാർ ആദ്യം എടുക്കപ്പെട്ടു എന്നു കരുതുക. തീർച്ചയായും ശേഷിക്കുന്ന എല്ലാവരും ഉണർത്തപ്പെടുകയും കർത്താവിനെ തീവ്രമായി അന്വേഷിക്കുകയും ചെയ്യും. ഇത് ലോകമെമ്പാടും സംഭവിക്കും. പ്രവചനങ്ങൾ നിവർത്തിയാകുന്നത് ക്രിസ്ത്യാനികൾ അവരുടെ കൺമുമ്പിൽ കാണുവാൻ തുടങ്ങുമ്പോൾ, കലക്കമുണ്ടാക്കുന്ന വിഭാഗങ്ങളെയും, മതപരമായ പാരമ്പര്യങ്ങളെയും, പാപകരവും

ലൗകികവുമായ കാര്യങ്ങളെയും ഇനിമേൽ ശ്രദ്ധിക്കുകയില്ല. മറിച്ച്, അവർ ശരിയായ നിർമല സഭാജീവിതത്തിലേക്ക് ഓടിപ്പോകും. ഇതു സംഭവിക്കുമെന്ന് എനിക്കുറപ്പുണ്ട്.

നാം അപ്രധാനമായ ഒരു വിഷയത്തോടല്ല ഇടപെടുന്നത്, പിന്നെയോ വരുംയുഗത്തിന് വളരെ നിർണ്ണായകമായ ഒരു വിഷയത്തോടാണ്. മനുഷ്യരുടെ തർക്കങ്ങളെയും എതിർപ്പിനെയും നാം ശ്രദ്ധിക്കുന്നില്ല. അവർ എത്രയധികം തർക്കിക്കുകയും എതിർക്കുകയും ചെയ്യുന്നുവോ, അത്രയുമധികം നമ്മുടെ ശുശ്രൂഷ ഉറപ്പിക്കപ്പെടുന്നു. നിരവധി സമയങ്ങളിൽ, ഒരു ദൂതിൽ ക്രിസ്തുമതത്തെക്കുറിച്ച് അഭിനന്ദനപരമല്ലാത്ത രീതിയിൽ ചിലതു പറഞ്ഞശേഷം, ഞാൻ എന്തുകൊണ്ടാണ് ഇത്ര ശക്തനായിരുന്നതെന്ന് അത്ഭുതപ്പെടുകയും, അല്പം മയമുള്ളവനായിരിക്കുവാൻ ഞാൻ ദൃഢനിശ്ചയമെടുക്കുകയും ചെയ്യു. എന്നിരുന്നാലും, ഞാൻ ശുശ്രൂഷയിൽ പറയുന്നത് എന്റെ തീരുമാനമല്ല. അത് എന്നിൽ ആശ്രയിച്ചിരിക്കുന്നില്ല—അത് സംസാരിക്കുന്ന ആത്മാവിനെ ആശ്രയിച്ചിരിക്കുന്നു. എന്റെ ശുശ്രൂഷയിൽ ഞാൻ ക്രിസ്തുമതത്തെക്കുറിച്ച് ധൈര്യമായി സംസാരിക്കുന്നില്ലെങ്കിൽ, എനിക്ക് യാതൊരു സമാധാനവും ഇല്ലാതിരിക്കുകയും, അഭിഷേകം നഷ്ടമാകുകയും ചെയ്യുന്നു. ഇത് ചെയ്യുവാൻ ഞാൻ പരാജയപ്പെടുന്നുവെങ്കിൽ, എന്റെ ശുശ്രൂഷ ബലഹീനമാക്കപ്പെടും. ഞാൻ തുറന്നു സംസാരിക്കുമ്പോൾ, എതിർപ്പ് ഉണ്ടാകുന്നു. എന്നാൽ എതിർപ്പിനാൽപോലും ഞാൻ ഉറപ്പിക്കപ്പെടുന്നു. എതിർക്കുന്നവരുടെ പ്രവൃത്തികളും പ്രതികരണങ്ങളും അവരെ പൂർണമായി തുറന്നുകാട്ടുന്നു. ക്രിസ്തുമതത്തിൽ ഇന്നുള്ള സാഹചര്യത്തിന്റെ യാഥാർഥ്യത്തെ ഗ്രഹിക്കേണ്ടതിന് നാം പ്രകാശിപ്പിക്കപ്പെടണമെന്നും, സകല തിരശ്ശീലകളിലൂടെയും കാണണമെന്നും, ഉള്ളറയിലേക്കു പ്രവേശിക്കണമെന്നും എനിക്ക് ഭാരമുണ്ട്.

ഇത് ത്രിത്വത്തിന്റെ ഉപദേശത്തെ സംബന്ധിച്ചതോ സ്ഥലംസഭയുടെ പഠിപ്പിക്കലിനെ സംബന്ധിച്ചിതോ ആയ വിഷയമല്ല. ഇത് തികച്ചും ബാബിലോണിനെ സംബന്ധിച്ച വിഷയമാണ്. ഒരു പാസ്റ്ററിനെ "റെവറെണ്ട്" എന്നു വിളിക്കുന്നത്—ബാബിലോണ്യമാണ്. ഒരു ക്രിസ്തുമസ് ട്രീ വയ്ക്കുന്നതും സാന്താക്ലോസിനെ ആദരിക്കുന്നതും—ബാബിലോണ്യമാണ്. ലൂഥറൻ, മെതഡിസ്റ്റ്, ബാപ്റ്റിസ്റ്റ് എന്നിങ്ങനെയുള്ള സംഘടനാപരമായ ഒരു പേരിനാൽ നിങ്ങളെത്തന്നെ വിളിക്കുന്നത്—ബാബിലോണ്യമാണ്. സകല സംഘടനാപരമായ നാമങ്ങളും ഭിന്നതയുടെയും കലക്കത്തിന്റെയും ബാബിലോണ്യ ഘടകങ്ങളാണ്. എതിർക്രിസ്തുവിന്റെ കൈകളാൽ മഹാവേശ്യയുടെ നാശം ക്രിസ്ത്യാനികൾ കാണുമ്പോൾ, അവർക്ക് സഭയെക്കുറിച്ച്

ബോധ്യംവരും. അപ്പോൾ സഭ എന്താണെന്നും സഭ എവിടെയാണെന്നും അവർ കാണും. ബാബിലോണ്യമായ യാതൊന്നുമായും സഭയ്ക്ക് യാതൊരു കാര്യവുമില്ലെന്ന് അവർ തിരിച്ചറിയും. ഏതെങ്കിലും കൂട്ടം ബാബിലോണ്യമായ കാര്യങ്ങൾ ഇപ്പോഴും അനുഷ്ഠിക്കുകയോ പിടിച്ചുകൊള്ളുകയോ ചെയ്യുന്നുവെങ്കിൽ അത് നിർമല സഭയല്ല.

ഭിന്നതകൾ ബാബിലോണ്യമതത്തിന്റെ മറ്റൊരു രൂപമായതിനാൽ നിങ്ങൾ ഭിന്നതകളെ സൂക്ഷിച്ചുകൊള്ളണം. കലക്കം എന്നർഥമുള്ള ബാബേലിൽവച്ചായിരുന്നു മനുഷ്യ വർഗ്ഗത്തിന്റെ ഭാഷ കലങ്ങിയതും ചിന്താകുഴപ്പത്തിലായതും. ബാബേൽ എന്നത് ബാബിലോണിന്റെ എബ്രായപദമാണ്. ഭിന്നതവരുത്തുന്നതെന്തും കലക്കത്തിന് ഇടവരുത്തുകയും, കലക്കം ബാബിലോണ്യമതത്തെ കുറിക്കുകയും ചെയ്യുന്നു. ഇന്ന് നൂറുകണക്കിന് സ്വതന്ത്ര ഗ്രൂപ്പുകളുണ്ട്. അവ എല്ലായിടത്തുമുണ്ട്. എന്നാൽ അവർ ചെയ്യുന്നത് ഭിന്നതവരുത്തുന്നതും കലക്കമുണ്ടാക്കുന്നതും ആണ്; അതിനാൽ അത് ബാബിലോണ്യമാണ്.

1957-ൽ, ആത്മികനെന്നും സമ്പന്നമായ ഒരു ശുശ്രൂഷ ഉള്ളവനെന്നും പരിഗണിക്കപ്പെടുന്ന ഒരു പ്രിയസഹോദരൻ തായ്‌വാനിലേക്കു ക്ഷണിക്കപ്പെട്ടു. അവന്റെ സന്ദർശനത്തിന്റെ ഫലമായി എന്റെ പരിശീലനത്തിൻ കീഴിലായിരുന്ന ചില യുവാക്കൾ, സഭയുടെ പ്രായോഗികതയ്ക്കുവേണ്ടിയല്ല, ആത്മികതയെന്നു വിളിക്കപ്പെടുന്നതിനുവേണ്ടി മാത്രം ശ്രദ്ധ നൽകുവാൻ സ്വാധീനിക്കപ്പെട്ടു. ഒടുവിൽ, അവരിൽത്തന്നെ അവർ പിന്നെയും പിന്നെയും ഭിന്നിക്കുകയും, ഫലം ബാബിലോണ്യ കലക്കമായിരിക്കുകയും ചെയ്തു.

ഐക്യനാടുകളിൽ ചിലർ അല്പകാലം കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ തുടരുകയും സഭാജീവിതത്തിന്റെ ആചരണം പഠിക്കുകയും ചെയ്തു. പിന്നീട് അവർക്കുവേണ്ടിത്തന്നെ ഒരു സ്വതന്ത്രപ്രവർത്തനം പടുത്തുയർത്തുവാൻ അവരായിത്തന്നെ പുറത്തുപോയി. ഇതും ബാബിലോണ്യ കലക്കത്തിൽ പര്യവസാനിക്കുന്ന ഭിന്നതകൾക്കിടയാക്കി. ഇന്നു ചിലർ സഹോദരൻ നീയുടെ പുസ്തകങ്ങൾ വായിച്ചിട്ട് സ്ഥലംസഭ അനുഷ്ഠിക്കുവാനുള്ള മാർഗം എന്ന് അവർ ചിന്തിക്കുന്നതിനെ പഠിക്കുന്നു. നിർവ്യാജമായ ഒരുമയുടെ പ്രത്യുദ്ധാരത്തിനുവേണ്ടി അവർ കർത്താവുമായി ഗൗരവമുള്ളവരായിരുന്നുവെങ്കിൽ, അവർ തീർച്ചയായും നാമുമായി കൂട്ടായ്മ ആചരിക്കുമായിരുന്നു. എന്നാൽ മുമ്പേതന്നെ സ്ഥലംസഭകളിൽ ആയിരിക്കുന്നവരുമായി കൂട്ടായ്മ ആചരിക്കുവാൻ അവർ വിസമ്മതിക്കുന്നു. ഇതും ബാബിലോണ്യ കലക്കത്തിൽ പര്യവസാനിക്കുന്നു.

1962-ൽ കർത്താവിന്റെ പ്രത്യുദ്ധാരവേല ഐക്യനാടുകളിൽ ആരംഭിച്ചപ്പോൾ സ്ഥലംസഭ എന്ന ഈ വിഷയത്തിൽ ഞാൻ വളരെ ശക്തനായിരുന്നു. ചിലർ സ്ഥലംസഭയെക്കുറിച്ച് സംസാരിക്കുന്നതിനെതിരെ എനിക്ക് മുന്നറിയിപ്പ് നല്കുകയുണ്ടായി; അവർ പറഞ്ഞു, ഞാൻ അങ്ങനെ ചെയ്യുവെങ്കിൽ ജനം നീരസപ്പെടും. നാം ഇവിടെ സ്ഥലംസഭകളുടെ പ്രത്യുദ്ധാരത്തിനുവേണ്ടിയാണെന്നു പറഞ്ഞുകൊണ്ട് മനഃപൂർവം അവരുടെ മുന്നറിയിപ്പിനെ ഞാൻ തിരസ്കരിച്ചു. പിന്നീടുള്ള പത്തു വർഷങ്ങൾക്കുള്ളിൽ, "സ്ഥലംസഭ" എന്ന പ്രയോഗം ക്രിസ്തീയ അങ്ങാടിയിൽ വളരെ ജനസമ്മതിയുള്ള ഒരു കാര്യമായിത്തീർന്നു. ക്രിസ്തീയ റേഡിയോ സ്റ്റേഷനുകളിൽ ഈ പ്രയോഗം ചില പ്രസംഗകർപോലും ഉപയോഗിക്കുന്നു. സംഘടനകളിലെ പാസ്റ്റർമാർ ഉൾപ്പെടെ അനേകർ തങ്ങൾ സ്ഥലംസഭയാണെന്ന് പറയുവാൻ ആഗ്രഹിക്കുന്നുവെന്നു തോന്നി. ഈ ചിന്താക്കുഴപ്പം ബാബിലോണ്യമതത്തിന്റെ മറ്റൊരു രൂപമാണ്.

ഞാൻ ഒരു പ്രത്യേക സാഹചര്യത്തെ പരിഗണിക്കുമ്പോൾ ആരോടും യാതൊന്നും പറയുകയില്ലെങ്കിലും എന്നോടുതന്നെ ഞാൻ പറയും: "ഇതു തെറ്റാണ്. ഇത് നിർവ്യാജമായ കാര്യമല്ല." കത്തോലിക്കാസഭയ്ക്കോ, സംഘടനകൾക്കോ, ഭിന്നതവരുത്തുകയും കലക്കമുണ്ടാക്കുകയും ചെയ്യുന്ന സ്വതന്ത്ര കൂട്ടങ്ങൾക്കോ മണവാട്ടിയുടെ യാതൊരു ഒരുക്കവും ചെയ്യുവാൻ കഴിയുകയില്ല. മണവാട്ടി ഒരുക്കപ്പെടണമെങ്കിൽ, കർത്താവ് നിർവ്യാജമായ സഭാജീവിതത്തെ, ഭിന്നതയും കലക്കവും ബാബിലോണ്യമായ യാതൊന്നും ഇല്ലാത്തുമായ ഒരു സഭാജീവിതത്തെ പ്രത്യുദ്ധരിക്കണം.

## A. അവളുടെ നാമം

അഞ്ചാം വാക്യത്തിൽ മഹാവേശ്യ എന്ന നാമം നാം കാണുന്നു: "മർമം, മഹതിയാം ബാബിലോൺ, ഭൂമിയിലെ വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ്." ഈ അധ്യായത്തിലെ മഹതിയാം ബാബിലോൺ പതിനെട്ടാം അധ്യായത്തിലെ ഭൗതികമായ ഒന്നല്ല, മതപരമായ ഒന്നാണെന്ന് "മർമം" എന്ന ശീർഷകം ഇവിടെ സൂചിപ്പിക്കുന്നു. വിശ്വാസത്യാഗിനിയായ സഭ എന്ന മതപരമായ ബാബിലോൺ, അവൾ ആയിരിക്കുന്നതിലും, അവൾ അനുഷ്ഠിക്കുന്നതിലും, അവൾ പഠിപ്പിക്കുന്നതിലും വാസ്തവമായും മാർമികയാണ്.

## B. മഹാവേശ്യ ഭൂമിയിലെ വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവാകുന്നു

### *1. വേശ്യമാർ*

റോമൻ കത്തോലിക്കാസഭയുടെ ദുഷ്ട ഉപദേശങ്ങളും

അനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളുമുള്ള ക്രിസ്തുമതത്തിലെ സംഘടനകളും കൂട്ടങ്ങളുമാണ് വേശ്യമാർ. "വേശ്യമാരുടെ മാതാവ്" വിശ്വാസത്യാഗിനിയായ സഭയായതിനാൽ, അവളുടെ പുത്രിമാരായ വേശ്യമാർ ഒരു അളവോളം വിശ്വാസത്യാഗിനിയായ റോമാസഭയുടെ പഠിപ്പിക്കലും, അനുഷ്ഠാനങ്ങളും, പാരമ്പര്യങ്ങളും പിടിച്ചുകൊള്ളുന്ന ക്രിസ്തുമതത്തിലെ വ്യത്യസ്തമായ സകല മതഭേതങ്ങളും കൂട്ടങ്ങളും ആയിരിക്കണം. നിർമലമായ സഭാജീവിതത്തിൽ വിശ്വാസത്യാഗിനിയായ സഭയിൽനിന്ന് ദുഷിച്ചതായ യാതൊന്നും പ്രസരണം ചെയ്യപ്പെട്ടിട്ടില്ല. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, കരിസ്മാറ്റിക് പ്രസ്ഥാനം എന്നു വിളിക്കപ്പെടുന്നത് റോമാസഭയിലേക്കു പ്രവേശിച്ചിട്ടുണ്ട്. ഈ പ്രസ്ഥാനം മറിയയോടുള്ള ആരാധനയാലും കുർബാന എന്ന ബലിയർപ്പണത്താലും കുഴഞ്ഞിരിക്കുന്നു. പാനപാത്രം സ്വർണം കൊണ്ടുള്ളതാണെങ്കിലും, ജനങ്ങൾ കുടിക്കുന്നത് മ്ലേച്ഛതകളാണ്. പാനപാത്രമല്ല, പാനപാത്രത്തിന്റെ ഉള്ളടക്കമാണ് അവരുടെ ഉള്ളിലേക്കു കടക്കുന്നത്. ഈ ദുർമിശ്രിതത്തിനല്ലായിരുന്നുവെങ്കിൽ, കരിസ്മാറ്റിക് പ്രസ്ഥാനത്തെ തന്റെ സഭയിൽ തുടരുവാൻ പോപ്പ് തന്റെ വിവേചനത്തിൽ ഒരിക്കലും അനുവദിക്കുകയില്ലായിരുന്നു.

ഓരോ സംഘടനയും അതിൽ മഹാവേശ്യയുടെ എന്തെങ്കിലും ഇപ്പോഴും ഉണ്ടോ ഇല്ലയോ എന്നു കാണുവാൻ പരിശോധിക്കണം. നിങ്ങളുടെ വീട്ടിൽ ക്രിസ്തുമസ് ട്രീ ഉണ്ടായിരിക്കുന്നത് മഹാവേശ്യയിൽനിന്നുള്ളതായ ഒന്ന് അനുഷ്ഠിക്കുന്നതാണ്. വേശ്യയാൽ സ്വാധീനിക്കപ്പെടാത്ത ഒരു ക്രിസ്തീയ കൂട്ടത്തെ കണ്ടെത്തുവാൻ നിങ്ങൾക്ക് കഴിഞ്ഞെന്നു വരില്ല. ഒരുപക്ഷേ സ്ഥലംസഭകളിൽ മാത്രമായിരിക്കും വേശ്യയുടേതായ യാതൊന്നും ഇല്ലാത്ത ഒരു ഇടം നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയുന്നത്. മഹാവേശ്യയുടെ പുത്രിമാർ റോമൻ കത്തോലിക്കാസഭയുടെ ഉപദേശങ്ങളും, അനുഷ്ഠാനങ്ങളും, പാരമ്പര്യങ്ങളും പിടിച്ചുകൊള്ളുന്ന ക്രിസ്തീയ കൂട്ടങ്ങളാണെന്നു നാം കണ്ടു. ഒരു കൂട്ടം ഈ കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് പിടിച്ചുകൊള്ളുന്നുവെങ്കിൽ, ആ കൂട്ടം റോമാസഭയുടെ ഒരു പുത്രിയാണ്.

സംഘടനകളും സ്വതന്ത്ര കൂട്ടങ്ങളും മഹാവേശ്യയുടെ പുത്രിമാരാണെന്നു പറയുന്നത് വളരെ കഠിനമാണെന്ന് ചിലർക്ക് തോന്നിയേക്കാം. "സംഘടനകളിലും സ്വതന്ത്ര കൂട്ടങ്ങളിലുമുള്ളവർ കർത്താവിൽ വിശ്വസിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്യുന്നില്ലേ? അവരും വീണ്ടുംജനിച്ചവരല്ലേ? അവർക്ക് ദിവ്യ ജീവനില്ലേ? സംഘടനകളും സ്വതന്ത്ര കൂട്ടങ്ങളും വേശ്യയുടെ പുത്രിമാരാണെന്ന് നിങ്ങൾക്കെങ്ങനെ പറയുവാൻ കഴിയും?" എന്നു നിങ്ങൾ പറഞ്ഞേക്കാം. ജീവനിൽ വളരെ ആഴമുണ്ടായിരുന്ന മാഡം ഗയോൺ അപ്പോഴും മറിയയുടെ രൂപത്തെ ആരാധിച്ചിരുന്നു. അവൾപോലും

കത്തോലിക്കാസഭയാൽ മത്തുപിടിച്ചിരുന്നു. നാല്പതിലധികം വർഷങ്ങൾക്കുമുമ്പ്, മാഡം ഗയോണിന്റെ പ്രധാന രചനകളിൽ മിക്കതും നാം പരിഭാഷപ്പെടുത്തി. അവൾ മറിയയുടെ രൂപത്തെ ആരാധിക്കുവാൻ പോയി എന്നു ഞാൻ കണ്ടെത്തിയപ്പോൾ അവളുടെ പ്രവർത്തനങ്ങൾ നാം പരിഭാഷപ്പെടുത്തുമ്പോൾ ഇതും ഉൾപ്പെടുത്തണം എന്ന് ഞാൻ സഹോദരന്മാരോടു പറഞ്ഞു; അല്ലെങ്കിൽ, അവൾ പൂർണ്ണമായും ശരിയാണെന്ന് സഹോദരീ സഹോദരന്മാർ ചിന്തിക്കും. അവൾപോലും വിശ്വാസത്യാഗിനിയായ റോമാസഭയാൽ മത്തുപിടിച്ചിരുന്നു.

വെളുത്തുള്ളിയുടെ മണത്തെ ഒരു ഉദാഹരണമായി നമുക്ക് ഉപയോഗിക്കാം. ദിവസം മുഴുവനും നാം വെളുത്തുള്ളി തിന്നുന്നുവെങ്കിൽ, നമ്മുടെ ഘ്രാണശക്തി ഒടുവിൽ മത്തുപിടിച്ചതാകും. വെളുത്തുള്ളി തിന്നുന്നവരുടെ ഇടയിലേക്ക് ഒരാൾ പുതുമയുള്ള ഘ്രാണശക്തിയുമായി വരുന്നുവെങ്കിൽ, അവൻ പെട്ടെന്ന് വെളുത്തുള്ളിയുടെ ഗന്ധം ശ്രദ്ധിക്കുകയും അതു സഹിക്കുവാൻ അവന് കഴിയാതെവരുകയും ചെയ്യും. എന്നാൽ വെളുത്തുള്ളി തിന്നുന്നവർക്ക് ഈ അരോചകമായ ഗന്ധത്തെക്കുറിച്ച് ഒരു അവബോധവും ഉണ്ടായിരിക്കുകയില്ല. മാഡം ഗയോൺ റോമൻ കത്തോലിക്കാസഭയുടെ "വെളുത്തുള്ളി മുറിയിലേക്ക്" ജനിച്ചുവീണവളായതുകൊണ്ട്, അവൾക്ക് അപ്പോഴും മറിയയുടെ ഒരു പ്രതിമയ്ക്കുമുമ്പിൽ ആരാധിക്കുവാൻ കഴിഞ്ഞു.

സംഘടനകളും മിക്ക സ്വതന്ത്ര കൂട്ടങ്ങളും വേശ്യയുടെ പുത്രിമാരാണെന്നു പറയുവാനുള്ള ഒരു കാരണം അവരുടെ ഇടയിലുള്ള വിഗ്രഹങ്ങളുടെ സാന്നിദ്ധ്യമാണ്. ലൂഥറൻസഭയ്ക്ക് വിഗ്രഹങ്ങളില്ലെന്ന് ചിലർ വാദിച്ചേക്കാം. എന്നാൽ ഈ സംഘടനയുടെ *ലൂഥറൻ* എന്ന പേരുതന്നെ ഒരു വിഗ്രഹമാണ്. നിങ്ങൾ ആർക്കുള്ളവനാണ്—ക്രിസ്തുവിനോ അതൊ ലൂഥറിനോ? നിങ്ങളെ ഒരു ക്രിസ്ത്യാനിയെന്നു വിളിച്ചാൽ പോരേ? എന്തുകൊണ്ട് നിങ്ങളെ ഒരു ലൂഥറൻ എന്നു വിളിക്കണം? ഈ വിഗ്രഹാരാധനയോടു ബന്ധപ്പെട്ട പേരുകളെല്ലാം മ്ലേച്ഛതകളാണ്.

ഒരു ഭർത്താവിന് ഒരു ഭാര്യ എന്നപോലെ, ഒരു ക്രിസ്തുവിന് ഒരു സഭ എന്ന ഒരു നിയന്ത്രകപ്രമാണം ദൈവത്തിനുണ്ട്. തങ്ങളുടെ ഭിന്നതകളാൽ ഇന്നത്തെ മിക്ക ക്രിസ്ത്യാനികളും ഈ നിയന്ത്രകപ്രമാണത്തെ ലംഘിച്ചിരിക്കുന്നു. അതിനെ അനുഗമിക്കുന്നതിനുപകരം അവർ കലക്കമെന്ന പരസംഗം ആചരിക്കുന്നു. **ഒരു ഭർത്താവിന് ഒരു ഭാര്യ എന്ന നിയന്ത്രകപ്രമാണം ലംഘിക്കുന്നവൻ പരസംഗം ആചരിക്കുന്നു. നാം എവിടെയായിരുന്നാലും, ഒരു ഭർത്താവിന് ഒരു ഭാര്യ, ഒരു ക്രിസ്തുവിന് ഒരു സഭ, എന്ന തത്ത്വം നാം കാത്തുസൂക്ഷിക്കണം.**

എല്ലാ ഭിന്നതയും ദൈവത്തിന്റെ നിയന്ത്രകപ്രമാണത്തിന്റെ ഒരു ലംഘനമാണ്. ക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നതയ്ക്ക് ഇടവരുത്തുന്നത് പരസംഗം ആചരിക്കുന്നതാണ്. ഇതു ചെയ്യുന്നവൻ നിയന്ത്രകപ്രമാണത്തിനുവേണ്ടി കരുതുന്നില്ല. ഭിന്നത വരുത്തുന്നവർ ഏകശരീരത്തിനുവേണ്ടി, ഏകസഭയ്ക്കുവേണ്ടി കരുതുന്നില്ല; അവർ ഒരു പട്ടണത്തിൽ ഒരു സഭ എന്നതിനെക്കുറിച്ച് കരുതലുള്ളവരല്ല. അവർ ഒരു ഭർത്താവു മാത്രം ഉണ്ടായിരിക്കുന്നത് നിരസിക്കുന്ന ഒരു സ്ത്രീയെപ്പോലെയാണ്. ഒരു മനുഷ്യനുമായി ജീവിച്ച് മടുക്കുമ്പോൾ അവൾ മറ്റൊരുവനിലേക്ക് തിരിയുന്നു.

വ്യഭിചാരവും പരസംഗവും തമ്മിലുള്ള വ്യത്യാസം നാം കാണേണ്ടത് ആവശ്യമാണ്. ഒരു ഭർത്താവുള്ള സ്ത്രീ വിവാഹത്തിന്റെ നിയന്ത്രകപ്രമാണത്തെ ലംഘിക്കുന്നുവെങ്കിൽ, അവൾ വ്യഭിചാരം ചെയ്യുന്നു. എന്നാൽ ഭർത്താവില്ലാത്ത ഒരു സ്ത്രീ ദൈവത്തിന്റെ നിയന്ത്രകപ്രമാണത്തെ ലംഘിക്കുന്നുവെങ്കിൽ പരസംഗം ചെയ്യുന്നു. മഹാവേശ്യ ഒരു പരസംഗക്കാരിയാണ്; അവൾക്ക് ഭർത്താവില്ല. ഇന്ന് ക്രിസ്ത്യാനികളുടെ ഇടയിലുള്ള സാഹചര്യം പരസംഗംകൊണ്ട് നിറഞ്ഞിരിക്കുന്നു. "ഈ യോഗത്തെ ഞാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ, ഞാൻ മറ്റൊന്നിലേക്കു പോകും. അതു ഞാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ, എന്റേതന്നെ ഒന്ന് ഞാൻ രൂപപ്പെടുത്തും. കുറെക്കഴിയുമ്പോൾ ഞാൻ തുടങ്ങിയതിൽ സന്തുഷ്ടനല്ലെങ്കിൽ, ഞാൻ മറ്റൊരെണ്ണം തുടങ്ങും" എന്ന് അനേകർ പറഞ്ഞേക്കാം. ഇത് ആത്മിക പരസംഗമാണ്.

നിങ്ങൾ ദർശനം കണ്ടിട്ടുണ്ടെങ്കിൽ, ഏതെങ്കിലും ഒരു പേരുണ്ടായിരിക്കുവാൻ, അതായത്, ക്രിസ്തുവിന്റെ പേരല്ലാതെ മറ്റൊരു പേര് ഉണ്ടായിരിക്കുവാൻ, നിങ്ങൾ ധൈര്യപ്പെടുകയില്ല. കൂടാതെ, നമ്മുടെ ഭർത്താവ് ഒന്നായതുകൊണ്ടും, അവന്റെ മണവാട്ടിയായ നാം ഒന്നായതുകൊണ്ടും, യാതൊരു ഭിന്നതയും ഉണ്ടായിരിക്കുവാൻ നിങ്ങൾ ധൈര്യപ്പെടുകയില്ല. ഏതു പട്ടണത്തിലും ഒരു സഭ മാത്രം ഉണ്ടായിരിക്കണം. ഞാൻ എവിടെ പോയാലും സഭ ഒന്നാണ്. നമ്മുടെ അനുഷ്ഠാനം മറിച്ചാണെങ്കിൽ, നാം പരസംഗം ആചരിക്കുന്നു. ഇന്ന് മിക്ക ക്രിസ്ത്യാനികളും പരസംഗം ആചരിക്കുന്നു. വെളിപ്പാട് 17-ലെ മഹാവേശ്യ സകല പരസംഗത്തിന്റെയും കലക്കത്തിന്റെയും മ്ലേച്ഛതകളുടെയും മാതാവാണ്.

കർത്താവിനെ വാസ്തവമായും സ്നേഹിക്കുന്നവർക്ക് എങ്ങനെ പരസംഗം ചെയ്യുവാൻ കഴിയുമെന്ന് നിങ്ങൾ ഇപ്പോഴും അത്ഭുതപ്പെടുന്നുവെങ്കിൽ, ജീവനിൽ ആഴമുള്ളവരെങ്കിലും റോമൻ കത്തോലിക്കാമതത്തിന്റെ "വെളുത്തുള്ളിയാൽ"

മത്തുപിടിച്ച മാഡം ഗയോണിന്റെ ഉദാഹരണത്തെ ഞാൻ നിങ്ങൾക്ക് വീണ്ടും ചൂണ്ടിക്കാണിക്കുന്നു. സുബോധമുള്ള വരായിരിക്കുകയും, "വെളുത്തുള്ളിമുറിയിൽ"നിന്ന് അകന്നു നിൽക്കുകയും, ദിവസത്തിലെ ഇരുപത്തിനാലു മണിക്കൂറും ശുദ്ധവായുവിൽ തങ്ങുകയും ചെയ്യുക. നിങ്ങൾ ഇതു ചെയ്യുമെങ്കിൽ, നിങ്ങൾക്ക് സചേതനമായ ഒരു മൂക്ക് ഉണ്ടായിരിക്കും. അമ്പതു വർഷത്തിലധികമായി സകല "വെളുത്തു ള്ളിമുറികളിൽ"നിന്നും ഞാൻ എന്നെത്തന്നെ അകറ്റിനിർ ത്തിയിരിക്കുന്നു. ഇക്കാരണത്താൽ, എന്റെ ആത്മിക മൂക്ക് വളരെ സൂക്ഷ്മതയുള്ളതാണ്. യാതൊരു ഭിന്നതയോടുംകൂടെ നിൽക്കുവാൻ എനിക്കു കഴിയുകയില്ല, കാരണം അത് പരസംഗമാണെന്ന് എനിക്ക് പെട്ടെന്ന് മണത്തറിയുവാൻ കഴിയും.

ഒരു പട്ടണത്തിൽ ഒരു സഭ എന്ന പരിമിതിയെ ചിലർ അഭിമു ഖീകരിക്കുമ്പോൾ അവർ പറഞ്ഞേക്കാം, "നിങ്ങളുടെ യോഗത്തിൽ ഞങ്ങളെത്തന്നെ വിടുവിക്കുവാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കില്ല. ഞങ്ങൾക്കു വിടുവിക്കപ്പെടുവാൻ കഴിയുന്ന ഞങ്ങളുടെ വീട്ടിൽ ഒരു യോഗം ഉണ്ടായിരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു." ഇത് ഭിന്നതയുണ്ടാക്കുന്ന ആത്മാവിന്റെ വെറുമൊരു കൗശലപരമായ ഒഴികഴിവാണ്. വിഭാഗീയതയുടെ ഈ ആത്മാവ് ഭിന്നതയെന്ന പരസംഗത്തിന്റെ ഉറവിടമാണ്. ദൈവത്തിന്റെ നിയന്ത്രകപ്രമാണം കാത്തുകൊണ്ട്, നാം ഏകഭർത്താവിന്റെ ഏകഭാര്യ, ഒരു സ്ഥലത്തെ ഏക സഭ, ആയതുകൊണ്ട് ക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നതയൊന്നും ഉണ്ടായിരിക്കുവാൻ പാടില്ല. നാം സഭയാണെന്ന് ചിലർ കേൾക്കുമ്പോൾ, അവർ അസന്തുഷ്ടരായിക്കൊണ്ട് പറയുന്നു, "നിങ്ങളാണ് സഭയെന്നും ഞങ്ങൾ സഭയല്ലെന്നും എന്തുകൊണ്ടാണ് നിങ്ങൾ പറയുന്നത്?" അവർ സഭയല്ലാത്തത് ഏകഭർത്താവുമായുള്ള ശരിയായ ബന്ധത്തിനുപകരം അനേകം പുരുഷന്മാരുമായി ബന്ധമുണ്ടായിരിക്കുന്ന ഒരു വേശ്യ ആയതുകൊണ്ടാണ്. ആരാണ് നിങ്ങളുടെ ഭർത്താവ്? ക്രിസ്തു ആണ് നിങ്ങളുടെ ഭർത്താവെങ്കിൽ, എന്തിനാണ് നിങ്ങളെത്തന്നെ ഒരു ലൂഥറനെന്നു വിളിക്കുന്നത്? നിങ്ങളുടെ പേര് വാസ്തവത്തിൽ ശ്രീമതി സ്മിത്ത് ആണെങ്കിൽ എന്തിനാണ് നിങ്ങളെത്തന്നെ ഒരു ദിവസം ശ്രീമതി ജോൺസ് എന്നും മറ്റൊരു ദിവസം ശ്രീമതി ഹാരിസ് എന്നും വിളിക്കുന്നത്?

വിശ്വാസത്യാഗിനിയായ റോമാസഭ ഒരു വേശ്യയും, അവളുടെ എല്ലാ പുത്രിമാരും വേശ്യകളും ആണ്. ലാഭത്തിനുവേണ്ടി പരസംഗം ആചരിക്കുന്ന ഒരു സ്ത്രീയാണ് വേശ്യ. ഇന്നത്തെ ക്രിസ്തീയ കൂട്ടങ്ങളിൽ അനവധിയും മനുഷ്യന്റെ നേട്ടത്തിനും സാമ്രാജ്യത്തിനും സ്ഥാനത്തിനും പേരിനുംവേണ്ടി രൂപപ്പെട്ടതാണ്. ഇതു വ്യഭിചാരമാണ്.

ഭൂമിയിൽ ഇന്നത്തെ ക്രിസ്തുമതത്തെ സംബന്ധിച്ച മുഴുവൻ സാഹചര്യത്തെയും നോക്കുക. തീർച്ചയായും കർത്താവിന് ഒരു പ്രത്യുദ്ധാരം ആവശ്യമാണ്. ഈ പ്രത്യുദ്ധാരം അവനുവേണ്ടി ജീവിച്ചിരിക്കുന്ന ആദ്യഫലത്തെ ഉളവാക്കുകയും, മഹോപദ്രവത്തിന്റെ മൂന്നരവർഷക്കാലം അത് ഭൂമിയിലുള്ള സകല ക്രിസ്ത്യാനികൾക്കും ഒരു സഹായമായിരിക്കുകയും ചെയ്യും. കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള സകല സഭകളും ഈ രണ്ട് ഉദ്ദേശ്യങ്ങൾ നിറവേറ്റുമെന്ന് ഞാൻ വിശ്വസിക്കുന്നു. ജയാളികൾ എടുക്കപ്പെടുകയും, എതിർക്രിസ്തു യെഹൂദമതത്തെ നീക്കിക്കളയുകയും കത്തോലിക്കാമതത്തെ നശിപ്പിക്കുകയും ചെയ്യുന്ന ഒരു ദിവസം വരുന്നു. ആ സമയം ഭൂമിയിൽ ശേഷിക്കുന്ന എല്ലാ ക്രിസ്ത്യാനികളും തീർച്ചയായും ഉണർവുപ്രാപിക്കും. അവർ ഇനി കത്തോലിക്കാസഭയിലെ കുർബാനയ്ക്കു പോകുകയില്ല; അവർ സംഘടനകളിലോ സ്വതന്ത്ര കൂട്ടങ്ങളിലോപോലും പോകുകയില്ല. മറിച്ച്, അവർ പറയും, "വർഷങ്ങൾക്കുമുമ്പ് ഞാൻ സഭയെക്കുറിച്ചു കേട്ടിട്ടുണ്ട്. ഇനി ഞാൻ നിർവ്യാജമായ സഭയിലേക്കു പോകണം." കർത്താവായ യേശുവിന് സ്നേഹിക്കുന്ന ഒരു ഹൃദയം ഉണ്ടെങ്കിലും, അടുത്ത ദൂതിൽ നാം കാണുന്നതുപോലെ, റോമൻ കത്തോലിക്കാസഭ എന്ന മഹാവേശ്യയെ നശിപ്പിക്കുവാൻ അവൻ എതിർക്രിസ്തുവിനെ ഉപയോഗിക്കും.

### *2. ഭൂമിയിലെ മ്ലേച്ഛതകൾ*

വിശ്വാസത്യാഗിനിയായ സഭ ഭൂമിയിലെ മ്ലേച്ഛതകളുടെ മാതാവും ആണ്. ഈ മ്ലേച്ഛതകൾ വിശ്വാസത്യാഗിനിയായ കത്തോലിക്കാസഭയിൽ നിറഞ്ഞിരിക്കുന്ന വിഗ്രഹങ്ങളാണ് (ആവ. 7:25-26). ഈ വിഗ്രഹങ്ങൾ ദൈവത്തോടുള്ള സേവനമെന്നു വിളിക്കപ്പെടുന്നതുമായി കലർന്നിരിക്കുന്നു. ജനം ഒരു കത്തോലിക്കാപള്ളിയിൽ ആരാധനയ്ക്കായി പോകുമ്പോൾ ആരെയാണ് അവർ ആരാധിക്കുന്നത്? ചിലർ മെഴുകുതിരികൾ വാങ്ങുകയും അവരുടെ ഇഷ്ടവിഗ്രഹത്തിനുമുമ്പിൽ നിൽക്കുകയും ചെയ്യുന്നു. കത്തോലിക്കാമതത്തിൽ ഒരു വിഗ്രഹ ചന്തയുള്ളതിനാൽ ജനത്തിന് അവർ തിരഞ്ഞെടുക്കുന്ന ഏതു വിഗ്രഹത്തോടും പ്രാർഥിക്കുവാൻ കഴിയും. അനേകരും മറിയയോടു പ്രാർഥിക്കുന്നുവെങ്കിലും, അത് വാസ്തവത്തിൽ മറിയയല്ല—വീനസ് എന്ന ദേവതയാണ്. കത്തോലിക്കാസഭയിലെ പള്ളികൾ വിഗ്രഹക്ഷേത്രങ്ങളിൽനിന്നും വ്യത്യസ്തമല്ല. ചൈനയിലെ വിഗ്രഹക്ഷേത്രങ്ങളിൽപോലും കത്തോലിക്കാ പള്ളികളിലുള്ള അത്രയുമധികം വിഗ്രഹങ്ങൾ ഞാൻ കണ്ടിട്ടില്ല. തീർച്ചയായും വിശ്വാസത്യാഗിനിയായ സഭ മ്ലേച്ഛതകളുടെ മാതാവാണ്.

Tue

## C. മരുഭൂമിയിൽ

അപ്പൊസ്തലനായ യോഹന്നാൻ മഹാവേശ്യയെ കണ്ടപ്പോൾ

ഒരു ദൂതൻ അവനെ ആത്മാവിൽ മരുഭൂമിയിലേക്ക് എടുത്തുകൊണ്ടുപോയി (17:3). മരുഭൂമി ഒരു തരിശുഭൂമി, ഒരു വരണ്ട നിലം ആണ്. ദൈവത്താൽ ഒരുക്കപ്പെട്ട നീരുറവകളൊന്നും ഇല്ലാത്ത ഒരു തരിശുഭൂമിയിലാണ് വിശ്വാസത്യാഗിനിയായ സഭയെന്ന് ഇതു സൂചിപ്പിക്കുന്നു. തീർച്ചയായും വിശ്വാസത്യാഗിനിയായ സഭയ്ക്ക് ദൈവത്തിൽനിന്നും ജലവിതരണം സ്വീകരിക്കുവാൻ കഴിയുകയില്ല. വിശ്വാസത്യാഗിനിയായ സഭ ഇങ്ങനെയുള്ള ഒരു ശൂന്യസ്ഥലത്താണെന്ന് അപ്പൊസ്തലനായ യോഹന്നാനെ കാണിക്കേണ്ടതിന് ദൂതൻ അവനെ അവിടേക്ക് എടുത്തുകൊണ്ടുപോയി.

## D. പെരുവെള്ളത്തിന്മേൽ ഇരിക്കുന്നു

മഹാവേശ്യ പെരുവെള്ളത്തിന്മീതെ ഇരിക്കുന്നുവെന്ന് വാക്യം 1 പറയുകയും, "വേശ്യ ഇരിക്കുന്നിടമായ നീ കണ്ട വെള്ളം, ജനങ്ങളും പുരുഷാരങ്ങളും രാഷ്ട്രങ്ങളും ഭാഷകളും" ആണെന്ന് വാക്യം 15 ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. വിശ്വാസത്യാഗിനിയായ റോമാസഭ ലോകമെമ്പാടുമുള്ള ജനത്തിന്മേലും രാഷ്ട്രങ്ങളിന്മേലും സവാരിചെയ്യുന്നുവെന്ന വസ്തുതയാൽ ഈ വചനങ്ങൾ നിറവേറിയിരിക്കുന്നു. കത്തോലിക്കാസഭയിലുള്ളവരുടെ എണ്ണം വാസ്തവത്തിൽ സർവഭൂമിയിലുമുള്ള ജനസംഖ്യയുടെ മൂന്നിലൊന്നാണ്.

## E. ഭൂമിയിലെ രാജാക്കന്മാരുമായി പരസംഗം ചെയ്യുന്നു

ഭൂമിയിലെ രാജാക്കന്മാർ ഈ മഹാവേശ്യയുമായി പരസംഗം ചെയ്തു. ഇത് അർഥമാക്കുന്നത് ഭൂമിയിലെ ഭരണാധികാരികളുമായി അവൾക്ക് പാപകരവും മതപരവുമായ ബന്ധങ്ങൾ ഉണ്ടെന്നാണ്. വിശ്വാസത്യാഗിനിയായ സഭ ചെയ്യുന്നത് അവിശ്വസ്തയായ ഒരു ജീവതപങ്കാളിയുടെ പാപമായ വ്യഭിചാരമല്ല, പിന്നെയോ ഒരു വേശ്യയുടെ പാപമായ പരസംഗമാണ്. ഇത് വ്യഭിചാരത്തെക്കാൾ പാപകരമാണ്. നേട്ടത്തിനുവേണ്ടി ഒരു വേശ്യ പാപം ചെയ്യുന്നതുപോലെ, വിശ്വാസത്യാഗിനിയായ സഭയുടെ പരസംഗത്തിൽ, അവളുടെ ലാഭത്തിനായി ഭൂമിയിലെ ഭരണാധികാരികളുമായുള്ള അവളുടെ പാപകരമായ ബന്ധങ്ങൾ ഉൾപ്പെടുന്നു. വിശ്വാസത്യാഗിനിയായ സഭ ചെയ്ത പരസംഗം ആത്മിക പരസംഗമാണ്. കത്തോലിക്കാസഭ ലോക രാഷ്ട്രീയത്തിൽ അഗാധമായി ഉൾപ്പെട്ടിരിക്കുന്നതിനാൽ ഭൂമിയിലെ രാജാക്കന്മാർ അവളുമായി നേരിട്ട് പരസംഗം ചെയ്യുന്നു. ദൈവത്തിന്റെ ദൃഷ്ടിയിൽ ഇത് ആത്മിക പരസംഗമാണ്.

## F. അവളുടെ പരസംഗത്തിന്റെ വീഞ്ഞിനാൽ ഭൂവാസികളെ മത്തരാക്കി

മഹാവേശ്യ "അവളുടെ പരസംഗത്തിന്റെ വീഞ്ഞിനാൽ" ഭൂവാസികളെ മത്തരാക്കി (വാ. 2). ഇവിടെ വീഞ്ഞ് വിശ്വാസത്യാഗിനിയായ സഭയുടെ പാപകരവും മതപരവുമായ ബന്ധങ്ങളിലുള്ള വചനവിരുദ്ധ ഉപദേശങ്ങളെ പരാമർശിക്കുന്നു. വീഞ്ഞ് ചെയ്യുന്നതുപോലെ അവളുടെ മതത്തിൽ ഉൾപ്പെട്ടിരിക്കുന്നവർ ആശയക്കുഴപ്പത്തിലാക്കുന്നു. ഇതാണ് അവളുടെ പരസംഗത്തിന്റെ വീഞ്ഞ്. നേരിട്ടല്ലാത്ത വിധത്തിൽ ഭൂമിയിൽ വസിക്കുന്നവർ ഈ വീഞ്ഞിനാൽ മത്തരാക്കപ്പെടുന്നു.

വിശ്വാസത്യാഗിനിയായ സഭയുടെ വചനവിരുദ്ധ ഉപദേശങ്ങൾ ലഹരിപോലെയാണ്. അവ ജനത്തെ മത്തരാക്കുകയും, ഊമന്മാരാക്കുകയും, അവരുടെ ഇന്ദ്രിയബോധം നഷ്ടപ്പെടുവാൻ ഇടയാക്കുകയും ചെയ്യുന്നു. ഞാൻ നിരവധി കത്തോലിക്കരുമായി സംസാരിക്കുകയും, അവർ സമ്പൂർണമായും മത്തരാണെന്നു കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. നിങ്ങൾ എത്രയധികം അവരോടു സംസാരിക്കുമോ, അത്രയും കുറച്ചു മാത്രമേ അവർ മനസ്സിലാക്കുകയുള്ളൂ. അവർ മഹാവേശ്യയുടെ വീഞ്ഞിനാൽ മത്തരാക്കപ്പെട്ടു എന്ന് ഇതു ചൂണ്ടിക്കാണിക്കുന്നു.

## G. ധൂമ്രവർണവും കടുഞ്ചുവപ്പുമുള്ള വസ്ത്രം ധരിച്ചിരിക്കുന്നു

വാക്യം 4 അനുസരിച്ച്, ഈ സ്ത്രീ "ധൂമ്രവർണവും കടുംചുവപ്പു നിറവുമുള്ള വസ്ത്രം ധരിച്ചിരിക്കുന്നു." ധൂമ്രം അധികാരത്തോടു കൂടെയുള്ള പ്രതാപത്തെ സൂചിപ്പിക്കുന്നു (യോഹ. 19:2-3). ഈ നിറം നീലയുടെയും ചുവപ്പിന്റെയും ഒരു സമന്വയമാണ്; ഇത് ഭൗതിക കാര്യങ്ങളോട് സ്വർഗീയ കാര്യങ്ങളെ സമന്വയിപ്പിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഇതാണ് വിശ്വാസത്യാഗിനിയായ സഭയുടെ ദൃഷ്ടഭാവം. സ്ത്രീ വിശ്വാസത്യാഗിനിയായ റോമാസഭയുടെ സവിശേഷതയായ കടുംചുവപ്പ് വസ്ത്രവും ധരിച്ചിരിക്കുന്നു. കടുംചുവപ്പുനിറം വത്തിക്കാനിൽ എല്ലായിടവും കാണുവാൻ കഴിയുമെന്ന് ഞങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നു. കടുംചുവപ്പിന്റെ ഏറ്റവും ശ്രദ്ധേയമായ ഉപയോഗം ചുവന്ന തൊപ്പികളും ചുവന്ന അങ്കികളും ഉള്ള കർദിനാൾമാരുടെ വസ്ത്രധാരണത്തിലാണ്.

## H. സ്വർണവും വിലയേറിയ കല്ലും മുത്തും പൂശിയിരിക്കുന്നു

സ്ത്രീ സ്വർണവും, വിലയേറിയ കല്ലും, മുത്തും പൂശിയിരിക്കുന്നു

(വാ. 4). സ്വർണവും, വിലയേറിയ കല്ലും, മുത്തും പുതിയ യെരൂശലേമിനെ പണിതിരിക്കുന്ന സാമഗ്രികളാണ് (21:18-19, 21). എന്നാൽ വിശ്വാസത്യാഗിനിയായ സഭയായ സ്ത്രീ, പുതിയ യെരൂശലേം പണിയപ്പെട്ടിരിക്കുന്നതുപോലെ ഈ സാമഗ്രികളെക്കൊണ്ട് ദൃഢമായി പണിയപ്പെട്ടിട്ടില്ല; അവൾ പുറമെയുള്ള പ്രദർശനത്തിനുവേണ്ടി ഒരു ആഭരണമായി ഈ നിക്ഷേപങ്ങൾ പൂശിയിരിക്കുന്നതേയുള്ളൂ. ഇതാണ് ജനത്തെ ആകർഷിക്കുവാനുള്ള അവളുടെ വഞ്ചന. ഇത് വേശ്യയുടെ വ്യാജമായ പ്രത്യക്ഷതയാണ്.

## I. ഒരു സ്വർണപാനപാത്രം പിടിച്ചിരിക്കുന്നു

വേശ്യ തന്റെ കയ്യിൽ "മ്ലേച്ഛതയും തന്റെ പരസംഗത്തിന്റെ അശുദ്ധിയും നിറഞ്ഞ സ്വർണപാനപാത്രം" പിടിച്ചിരിക്കുന്നു (വ. 4). പ്രതിരൂപത്തിൽ സ്വർണം ദൈവത്തിന്റെ ദിവ്യ പ്രകൃതത്തെ സൂചിപ്പിക്കുന്നു. ഇക്കാരണത്താൽ, ഇവിടെയുള്ള സ്വർണപാനപാത്രം അർഥമാക്കുന്നത് വിശ്വാസത്യാഗിനിയായ സഭയ്ക്ക് കാഴ്ചയിൽ ദൈവത്തിന്റേതായ ചിലതുണ്ടെന്നാണ്. എന്നാൽ അകമേ, അവളുടെ സ്വർണപാനപാത്രം മ്ലേച്ഛതകളും തന്റെ പരസംഗത്തിന്റെ അശുദ്ധിയും, വിഗ്രഹാരാധനയും, ജാതീയാനുഷ്ഠാനങ്ങളും, വചനവിരുദ്ധതയും, പാപകരവും മതപരവുമായ ബന്ധത്താലുള്ള മാലിന്യവുംകൊണ്ട് നിറഞ്ഞിരിക്കുന്നു.

## J. വിശുദ്ധന്മാരുടെയും സാക്ഷികളുടെയും രക്തത്താൽ മത്തയായിരിക്കുന്നു

വാക്യം 6 പറയുന്നു, "വിശുദ്ധന്മാരുടെ രക്തത്താലും യേശുവിന്റെ സാക്ഷികളുടെ രക്തത്താലും സ്ത്രീ മത്തയായിരിക്കുന്നത് ഞാൻ കണ്ടു." റോമാസാമ്രാജ്യം വിശുദ്ധന്മാരെ കൊന്നതിനെക്കാൾ കൂടുതൽ വിശുദ്ധന്മാരെയും യേശുവിന്റെ സാക്ഷികളെയും റോമാസഭ കൊന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. റോമാസഭ വിശുദ്ധന്മാരെ നേരിട്ട് കൊല്ലുന്നില്ല, പിന്നെയോ, റോമാ സാമ്രാജ്യത്തിലൂടെ പരോക്ഷമായി അത് ചെയ്യുന്നു. അങ്ങനെ അവൾ വിശുദ്ധന്മാരുടെ രക്തത്താലും യേശുവിന്റെ സാക്ഷികളുടെ രക്തത്താലും മത്തയായിരിക്കുന്നു.

ദൈവത്തിനായി വേർതിരിക്കപ്പെട്ടവരും, വിശുദ്ധീകരിക്കപ്പെട്ടവരും, മരണത്തോളം ദൈവത്തിനുവേണ്ടി ഒരു വിശുദ്ധജീവിതം നയിക്കുന്നവരുമാണ് വിശുദ്ധന്മാർ. സാക്ഷികൾ കർത്താവായ യേശുവിന്റെ ജീവിക്കുന്ന സാക്ഷികളാണ്; അവരും മരണത്തോളം വിശ്വസ്തരാണ്. യേശുവിന്റെ സാക്ഷികളും വിശുദ്ധന്മാരാണ്; എന്നാൽ, വിശുദ്ധന്മാർ വിശ്വാസത്യാഗിനിയായ സഭയ്ക്ക്

വഴങ്ങാതെ, കേവലം വേർതിരിക്കപ്പെട്ടതും വിശുദ്ധവുമായ ഒരു ജീവിതം നയിക്കുന്നവരായിരിക്കും; എങ്കിലും, അന്തിപ്പാസിനെ പ്പോലെയുള്ള സാക്ഷികൾ ചെയ്തതുപോലെ (2:13) റോമാസഭയുടെ വിശ്വാസത്യാഗത്തിനെതിരായി സാക്ഷീകരിക്കുവാൻ അവർ മുമ്പോട്ട് വന്നില്ല. സ്ത്രീ വിശുദ്ധന്മാരുടെയും സാക്ഷികളുടെയും രക്തത്താൽ മത്തയായിരിക്കുന്നു.

## K. ഭൗതികമായി മഹാനഗരമാകുന്നു

ദൂതൻ അപ്പൊസ്തലനായ യോഹന്നാനോടു പറഞ്ഞു, "നീ കണ്ട സ്ത്രീയോ ഭൂരാജാക്കന്മാരുടെമേൽ രാജ്യമുള്ള മഹാനഗരം തന്നേ" (വാ. 18). വേശ്യ റോമാസഭയെ സൂചിപ്പിക്കുന്ന മതപരമായ ബാബിലോണിനെ കുറിക്കുമ്പോൾ, ഈ വാക്യത്തിലെ സ്ത്രീ റോമാനഗരത്തെ സൂചിപ്പിക്കുന്ന ഭൗതികമായ ബാബിലോണിനെ കുറിക്കുന്നു. ഇതിനെ ഭൂമിയിലെ രാജാക്കന്മാരുടെമേൽ രാജ്യമുള്ള മഹാനഗരം എന്നു വിളിച്ചിരിക്കുന്നു. യോഹന്നാൻ ഈ പുസ്തകം എഴുതിയപ്പോൾ, റോം ഭൂമിയിലെ രാജാക്കന്മാരുടെമേൽ രാജ്യമുണ്ടായിരുന്ന നഗരമായിരുന്നു. എതിർക്രിസ്തുവും അവന്റെ പത്തു രാജാക്കന്മാരും വെറുക്കുന്നത് അവരുടെ ഭരണനിർവ ഹണത്തിന്റെ ആസ്ഥാനമായ റോമാനഗരമെന്ന സ്ത്രീയെയല്ല, റോമാസഭയെന്ന വേശ്യയെ ആണ്.